# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 ജൂലൈ 15

# വാർത്താക്കുറിപ്പ്

## പരീക്ഷ ഫലം

2019 ഏപ്രിലിൽ നടന്ന മൂന്നാം സെമസ്റ്റർ എം.സി.എ. (2017 അഡ്മിഷൻ റഗുലർ, ലാറ്ററൽ എൻട്രി, 2018 അഡ്മിഷൻ റഗുലർ, 2017 അഡ്മിഷൻ സപ്ലിമെന്ററി-സ്‌പെഷൽ ബാച്ച്, 2016 അഡ്മിഷൻ സപ്ലിമെന്ററി/ലാറ്ററൽ എൻട്രി, 2017 അഡ്മിഷൻ സപ്ലിമെന്ററി-സീപാസ്, 2012 മുതൽ 2015 വരെയുള്ള അഡ്മിഷൻ സപ്ലിമെന്ററി-അഫിലിയേറ്റഡ് കോളജുകൾ/സീപാസ്, 2016 അഡ്മിഷൻ -അഫിലിയേറ്റഡ് കോളജുകൾ/സീപാസ്, ലാറ്ററൽ എൻട്രി, 2013 മുതൽ 2016 വരെയുള്ള അഡ്മിഷൻ-അഫിലിയേറ്റഡ് കോളജുകൾ/സീപാസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 28 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/730/2020)

2019 ജൂലൈയിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എ. സോഷ്യോളജി(പ്രൈവറ്റ് പഠനം-റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 28 വരെ അപേക്ഷിക്കാം. 2015 അഡ്മിഷന് മുമ്പുള്ളവർ ഓൺലൈനായി ഫീസടച്ച് പരീക്ഷ കൺട്രോളർക്ക് അപേക്ഷ നൽകണം. 2015 അഡ്മിഷൻ മുതലുള്ളവർ ഓൺലൈനായി അപേക്ഷിക്കണം.

(പി.ആർ.ഒ/39/731/2020)

## പരീക്ഷ തീയതി

സ്‌കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ രണ്ടാം സെമസ്റ്റർ എൽ.എൽ.എം(സി.എസ്.എസ്.) പരീക്ഷകൾ ഓഗസ്റ്റ് അഞ്ച് മുതൽ ആരംഭിക്കും. പിഴയില്ലാതെ ജൂലൈ 27 വരെയും 525 രൂപ പിഴയോടെ ജൂലൈ 29 വരെയും 1050 രൂപ സൂപ്പർഫൈനോടെ ജൂലൈ 30 വരെയും അപേക്ഷിക്കാം. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ/39/732/2020)

## 'പഠനവൈകല്യവും ബോധനരീതികളും': വെബിനാർ ഇന്ന്

മഹാത്മാഗാന്ധി സർവകലാശാല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് ഇൻ ലേണിങ് ഡിസബിലിറ്റീസും സ്‌കൂൾ ഓഫ് ബിഹേവിയറൽ സയൻസസും മൂത്തകുന്നം എസ്.എൻ.എം. ട്രെയിനിങ് കോളജും സംയുക്തമായി 'പഠനവൈകല്യവും ബോധനരീതികളും' എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന വെബിനാർ ഇന്ന്(ജൂലൈ 16 വ്യാഴാഴ്ച) നടക്കും. രാവിലെ 11ന് ഐ.ആർ.എൽ.ഡി. ഡയറക്ടർ ഡോ. കെ.എം. മുസ്തഫ വിഷയം അവതരിപ്പിക്കും. ബിഹേവിയറൽ സയൻസസ് ഡയറക്ടർ പ്രൊഫ. രാജീവ് കുമാർ, എസ്.എൻ.എം. കോളജ് പ്രിൻസിപ്പൽ ഡോ. ഒ.എസ്. ആശ, ഡോ. സുസ്മിത, ഡോ. സീജ എന്നിവർ പങ്കെടുക്കും. ഗൂഗിൾ മീറ്റിൽ നടക്കുന്ന വെബിനാർ യുട്യൂബിലും ലൈവായി ലഭിക്കും.

(പി.ആർ.ഒ/39/733/2020)

## സെനറ്റ്-സ്റ്റുഡന്റ്സ് കൗൺസിൽ തെരഞ്ഞെടുപ്പ്: അന്തിമ വോട്ടർപട്ടികയായി

ഓഗസ്റ്റ് 18ന് മഹാത്മാഗാന്ധി സർവകലാശാല സെനറ്റിലേക്കും സ്റ്റുഡന്റ്സ് കൗൺസിലിലേക്കും നടക്കുന്ന തെരഞ്ഞെടുപ്പിന്റെ അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിച്ചു. സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/734/2020)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ